പറപ്പാർ ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്നവർ

919. [1356] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിലെ പറപ്പാർ ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ ആകെ എത്ര കുടുംബങ്ങളുണ്ട് ;

(ബി) ഇവർക്കു പകരം നല്കിയ ഭൂമിയും സഹായധനവും എത്ര യാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പറപ്പാർ ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ ആകെ 408 കുടുംബങ്ങളുണ്ട്.

(ബി) ഇവർക്കുപകരം നല്കുവാനായി 90 ഏക്കർ ഭൂമിയും, സഹായ ധനമായി 2908511 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടുതലായി 25 ഏക്കർ വനഭൂമി അനുവദിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേരളാ വാട്ടർ അതോറിറ്റിയിലെ താല്ക്കാലിക ജീവനക്കാരുടെ നിയമനം

920. [1357] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ ഒരേ തസ്തികയിൽ ഒരേ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഭിന്നമായ സേവന-വേതന വ്യവസ്ഥകളും നില വിലുള്ളത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിവരം സംബന്ധിച്ച് 17-1-1986-ൽ ബഹുമാന പ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച 59-60-ം 563-70-ം എന്ന നമ്പരിലുള്ള വിധിയനുസരിച്ച് തുല്യ ജോലിക്ക് തുല്യ വേതന വ്യവസ്ഥയും താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്യണമെന്നുള്ള നിർദ്ദേശം നടപ്പിലാക്കിയോ ;

(സി) നടപ്പാക്കിയിട്ടില്ലെങ്കിൽ എന്നു നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഭിന്നമായ സേവന-വേതന വ്യവസ്ഥ നിലവിലില്ല. എന്നാൽ തുല്യ ജോലിയുടെ പേരിൽ എൻ. എം. ആർ., സി. എൽ. ആർ. ജീവനക്കാർക്ക് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടേതിനു തുല്യമായ വേതനം വേണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly